പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3916

20/07/2015 ൽ മറുപടിയ്ക്ക്

## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേ - ഭൂരേഖ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ: | (എ) 68 ഒഴിവുകൾ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിൽ നിലവിലുണ്ട്. ടി ഒഴിവുകളുടെ 75% നേരിട്ടുള്ള നിയമനം വഴി നികത്തുവാനായി സ്പെഷ്യൽ റൂൾ അനുശാസിക്കുന്നു. ആയതിൻ പ്രകാരം 44 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 6 ഒഴിവുകൾ PH 'Deaf' കാറ്റഗറിയിൽ നിയമനം നടത്തുവാനായി നീക്കി വച്ചിട്ടുണ്ട്. ഒരൊഴിവ് മുസ്ലീം എൻ.ജെ.ഡി ഒഴിവിലേയ്ക്കായി നീക്കി വച്ചിട്ടുണ്ട്. |
| (ബി) 2015 മേയ് വരെ പ്രസ്തുത തസ്തികയിലുള്ള റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ്; 2015 മേയ് വരെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ന്റെ റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ്; | (ബി) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകളിൽ റിട്ടയർമെന്റ് ഒഴിവില്ല. |
| (സി) ബൈ പ്രൊമോഷൻ വഴി ഒഴിവുകൾ നികത്തുന്നതിന് മതിയായ, അർഹരായ അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ ഒഴിവുകളിൽ നേരിട്ടു നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന പ്രകാരം ഒഴിവുകളുടെ 75% നേരിട്ടുള്ള നിയമനം വഴി നടത്തുന്നതിനായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ